# പോക്കറ്റ് മണി നൽകും മുമ്പ് ഇതൊന്നു വായിക്കൂ...





**സന്ധ്യാറാണി എൽ.**
ചൈൽഡ് & ഫാമിലി കൗൺസലർ
Consolace Counselling Services
തിരുവനന്തപുരം & ചങ്ങനാശ്ശേരി
9387613503
www.consolace.com

എട്ടും പത്തും മക്കളുള്ള കുടുംബങ്ങളായിരുന്നു പഴയ തലമുറയിൽ ഉണ്ടായിരുന്നത്. പുതുതലമുറയാകട്ടെ ഒന്ന് ഏറിയാൽ രണ്ട് എന്ന നയമാണ് സ്വീകരിച്ചിരിക്കുന്നത്. ഒന്നോ രണ്ടോ മക്കളാവുമ്പോൾ അവരുടെ കാര്യങ്ങൾ വേണ്ടവിധം ശ്രദ്ധിക്കാൻ സമയം കിട്ടുമെന്നതുൾപ്പെടെ ഒരുപാട് ഗുണങ്ങളുണ്ട്. എന്നാൽ, പുതിയ തലമുറയിലെ പല രക്ഷിതാക്കളും മക്കളുടെ ഏത് ആവശ്യങ്ങളും കണ്ണുംപൂട്ടി സമ്മതിച്ചു കൊടുക്കുന്ന പ്രവണത വളർന്നു വരുന്നു. മക്കൾക്ക് വിഷമമായാലോ എന്ന് പേടിച്ച് അവർ ചോദിക്കുന്ന പണം പോക്കറ്റ് മണിയായി നൽകുന്ന രക്ഷിതാക്കളുണ്ട്. വീട്ടിൽ നിന്ന് പണം ലഭിക്കാത്ത സാഹചര്യത്തിൽ ചില കുട്ടികളെങ്കിലും പോക്കറ്റ് മണിയ്ക്കായി മറ്റു വഴികൾ തേടുന്നു. അമിതമായി ലഭിക്കുന്ന പണം കുട്ടികളെ പലപ്പോഴും അരുതാത്ത വഴികളിലൂടെ സഞ്ചരിക്കാൻ പ്രേരിപ്പിക്കുന്നു.

വീട്ടമ്മയാണ് ദീപ. ഭർത്താവ് സുധീഷ് വിദേശത്ത് ബിസിനസ്സുകാരനാണ്. ഏകമകൻ അതുൽ പന്ത്രണ്ടാം ക്ലാസിൽ പഠിക്കുന്നു. ഒറ്റപ്പുത്രനായതിനാൽ അതുലിനോട് സുധീഷിന് വലിയ വാത്സല്യമാണ്. മകൻ ആവശ്യപ്പെടുന്ന പണം അയച്ചു കൊടുക്കും. പതിനൊന്നാം ക്ലാ

**കുട്ടികൾക്ക് പോക്കറ്റ് മണി നൽകുമ്പോഴും സമ്മാനങ്ങൾ നൽകുമ്പോഴും അതിന്റെ മൂല്യത്തെ കുറിച്ച് അവരോട് സംസാരിക്കണം. ചോദിക്കുന്ന പണം സമയാസമയത്ത് കിട്ടുമ്പോൾ കുട്ടി ഒരിക്കലും പണത്തിന്റെ മൂല്യം തിരിച്ചറിയില്ല**

സിലേയ്ക്ക് കടന്നപ്പോൾ അവന് കിടിലൻ ഒരു ബൈക്ക് തന്നെയാണ് വാങ്ങിക്കൊടുത്തത്. ബൈക്കോടിക്കാനുള്ള പ്രായമായിട്ടില്ലല്ലോ എന്ന ദീപയുടെ വാക്കുകളൊന്നും വിലപ്പോയില്ല. ടൗണിലേയ്ക്കൊന്നും ബൈക്ക് കൊണ്ടുപോകില്ലെന്ന് അതുൽ അച്ഛന് ഉറപ്പു നൽകി. അച്ഛൻ മടങ്ങിപ്പോയി. അതുലാകട്ടെ കൂട്ടുകാരുമൊത്ത് ബൈക്കിൽ പലയിടത്തും കറങ്ങാൻ തുടങ്ങി. ദീപയോട് പണ്ടേ അവന് അടുപ്പമില്ലായിരുന്നു. അവരുടെ ശാസനകളൊന്നും അവൻ ഒരിക്കലും വകവച്ചിരുന്നില്ല. മകന്റെ അനുസരണയില്ലായ്മയേയും കൂട്ടുകെട്ടിനേയും പറ്റിയൊക്കെ ദീപ ഭർത്താവിനോട് പലവട്ടം പരാതിപ്പെട്ടെങ്കിലും മകന് ആവശ്യത്തിന് സ്വാതന്ത്ര്യം നൽകണമെന്നായിരുന്നു അയാളുടെ അഭിപ്രായം. ഒരു ദിവസം രാത്രിയിലാണ് ദീപയെ നടുക്കിയ ആ ഫോൺ കോൾ എത്തിയത്. മകൻ അപകടത്തിൽപ്പെട്ട് ആശുപത്രിയിലാണെന്ന് അവന്റെ കൂട്ടുകാരിലൊരാളാണ് അവളെ അറിയിച്ചത്. ആശുപത്രിയിലെത്തുമ്പോൾ മകൻ ഐ.സി.യുവിൽ ആണ്. അപകടസമയത്ത് ഹെൽമറ്റ് ധരിക്കാതിരുന്നത് പരിക്കിന്റെ ആഴം കൂട്ടി. വിദേശത്തു നിന്ന് അച്ഛൻ എത്തി. മകന്റെ അവസ്ഥ കണ്ട് കരയാനും പശ്ചാത്തപിക്കാനും മാത്രമേ അയാൾക്ക് കഴിഞ്ഞുള്ളൂ. ഭാഗ്യം ഒന്നുകൊണ്ടു മാത്രം അവർക്ക് മകനെ ജീവിത്തിലേയ്ക്ക് തിരികെ കിട്ടി. പക്ഷേ, പരിക്കുകളിൽ നിന്ന് പൂർണ്ണമായും മോചിതനായിട്ടില്ല. എങ്കിലും അവനുമായി സംസാരിച്ചതിൽ നിന്ന് ഒരു കാര്യം വ്യക്തമായി. അമ്മയുടെ വാക്കുകൾ അനുസരിക്കാതിരുന്നതിൽ അവൻ ഇന്ന് ഏറെ ദുഖിക്കുന്നു.

അച്ഛനും അമ്മയും തന്റെ കൂട്ടുകാരേക്കാൾ എത്രയോ മടങ്ങ് തന്നെ സ്നേഹിക്കുന്നുവെന്നും അവന് ബോധ്യപ്പെട്ടു. നിയന്ത്രണമില്ലാതെ പണം നൽകിയതാണ് മകനെ ഇത്തരമൊരു അവസ്ഥയിൽ കൊണ്ടുചെന്നെത്തിച്ചതെന്ന് സുധീഷും തിരിച്ചറിഞ്ഞിട്ടുണ്ട്. ഇനിയുള്ള കാലം മകന്റെ കാര്യങ്ങളിൽ അയാൾ ശ്രദ്ധപുലർത്തുമെന്ന് ഉറപ്പാണ്.





## പണമല്ല സ്നേഹം

പുതിയതലമുറയിൽ, പലപ്പോഴും രണ്ടുപേരും ജോലിക്കാരായിരിക്കും. ഇതിൽ തന്നെ പല ഷിഫ്റ്റുകളിൽ ജോലിചെയ്യുവരുണ്ടാകാം. രണ്ടുരക്ഷിതാക്കളും വിദേശത്ത് ജോലി നോക്കുകയോ അല്ലെങ്കിൽ രക്ഷിതാക്കളിൽ ഒരാളെങ്കിലും വിദേശത്തായിരിക്കുന്ന സാഹചര്യവും ഉണ്ട്. മക്കൾക്കൊപ്പം ചെലവിടാൻ ഇവർക്ക് കിട്ടുന്നത് ആകെ കുറച്ച് സമയം മാത്രമാണ്. മക്കൾക്ക് തങ്ങളോട് അടുപ്പം കുറഞ്ഞു പോകുമോ എന്ന് ഭയക്കുന്ന രക്ഷിതാക്കളുണ്ട്. മക്കളുടെ ഏതാവശ്യവും നിറവേറ്റി കൊടുത്താണ് ഇവർ ഈ ഭയത്തെ മറികടക്കുന്നത്. എന്നാൽ, ഇത് മക്കളെ അപകടത്തിൽ ചാടിക്കുമെന്ന് പല രക്ഷിതാക്കളും തിരിച്ചറിയാതെ പോകുന്നു. പണമല്ല സ്നേഹം എന്ന യാഥാർത്ഥ്യമാണ് ഇവിടെ മനസ്സിലാക്കാതെ പോകുന്നത്. മക്കളുടെ ആവശ്യങ്ങൾ ഒന്നൊന്നായി സാധിച്ചു കൊടുത്തതു കൊണ്ടു മാത്രം അവർക്ക് നിങ്ങളോട് വൈകാരികമായ അടുപ്പം ഉണ്ടാവണമെന്നില്ല. ഒരു പണപ്പെട്ടിയായി രക്ഷിതാക്കളെ കാണുന്ന മക്കളും ഉണ്ട്, പുതുതലമുറയിൽ.

> **കുട്ടിയ്ക്ക് നൽകിയ പണം അവർ എങ്ങനെ വിനിയോഗിക്കുന്നു എന്ന കാര്യം അറിയണം**

കുറച്ചു സമയം മാത്രമേ മക്കൾക്കൊപ്പം ചെലവിടാൻ കിട്ടുന്നുള്ളു എങ്കിലും ആ സമയം കൃത്യമായി വിനിയോഗിക്കാനാണ് ശ്രദ്ധിക്കേണ്ടത്. മക്കളുടെ പഠനത്തേയും അധ്യാപകരേയും കൂട്ടുകാരേയും പറ്റി തിരക്കാം. അവരെ ഇഷ്ടപ്പെട്ടൊരു സിനിമ കാണിക്കാൻ കൊണ്ടുപോകാം. ഒരു ദിവസം സ്വന്തം വാഹനത്തിൽ സ്കൂളിൽ കൊണ്ടു വിടാം. സ്കൂൾ ബസിലെ യാത്രയേക്കാൾ അവർ അത് ആസ്വദിക്കുമെന്ന് ഉറപ്പാണ്. ഇത്തരത്തിൽ അവർ ഓർമ്മയിൽ സൂക്ഷിക്കുന്ന അനുഭവങ്ങൾ സമ്മാനിച്ചു കൊണ്ടു വേണം അവരുടെ സ്നേഹം നേടിയെടുക്കാൻ. നിങ്ങൾ അവരെ സ്നേഹിക്കുകയും സംരക്ഷിക്കുകയും ചെയ്യുന്നുണ്ടെന്ന് അവരെ ബോധ്യപ്പെടുത്തുകയാണ് വേണ്ടത്.

## പണത്തിന് കണക്കു വേണം

കുട്ടിയ്ക്ക് നിങ്ങൾ നൽകിയ പണം അവർ എങ്ങനെ വിനിയോഗിക്കുന്നു എന്ന കാര്യം അറിയണം. ഫീസ് അടയ്ക്കാനായി പണം നൽകിയിട്ടുണ്ടെങ്കിൽ അതിന്റെ രസീറ്റ് ചോദിച്ചു വാങ്ങാം. പഠനാവശ്യത്തിനായി

പല ഉപകരണങ്ങളും വാങ്ങേണ്ടതായി വരും. ഓരോ തവണയും കുട്ടിയ്ക്ക് ആവശ്യമുള്ളതെല്ലാം വാങ്ങി നൽകാൻ സമയം തികയാതെ വരുമ്പോൾ രക്ഷിതാക്കൾ പലപ്പോഴും അതിന് ആവശ്യമായി വരുന്ന തുക കുട്ടിയെ ഏൽപ്പിക്കാറാണ് പതിവ്. ആ പണം കൊണ്ട് അവർ എന്തൊക്കെ വാങ്ങി എന്ന് ആരും കൃത്യമായി പരിശോധിക്കാറില്ല. ചില കുട്ടികളെങ്കിലും ഈ തുക തിരിമറി നടത്താറുണ്ട്. ചെറിയ തുക കൊണ്ട് തെറ്റായ വഴിയിലേയ്ക്ക് നടന്നു തുടങ്ങുന്ന അവർ ഭാവിയിൽ പല കള്ളങ്ങളും പറഞ്ഞ് രക്ഷിതാക്കളിൽ നിന്ന് കൂടുതൽ പണം കൈപ്പറ്റും. ഗുരുതരമായ പ്രശ്നത്തിൽ കുട്ടി അകപ്പെട്ടു കഴിയുമ്പോൾ മാത്രമേ പല രക്ഷിതാക്കളും ഇക്കാര്യം അറിയാറുള്ളൂ.

കുട്ടിയ്ക്ക് നൽകുന്ന പണം അത് എത്ര ചെറിയ തുകയാണെങ്കിൽ കൂടി അവർ അത് എങ്ങനെ ചെലവഴിച്ചു എന്ന് അറിഞ്ഞിരിക്കണം. നിങ്ങൾ കൃത്യമായ കണക്ക് ചോദിക്കുമെന്ന് ഉറപ്പായാൽ ചില കുട്ടികളെങ്കിലും കള്ളത്തരം കാണിക്കുന്നതിൽ നിന്ന് പിൻതിരിയും. എന്നാൽ, പണം തിരിമറി നടത്തിയ ശേഷം വീട്ടിൽ പറയാനായി സമർത്ഥമായ ഉത്തരങ്ങൾ മുൻകൂട്ടി കണ്ടുപിടിച്ചു വയ്ക്കുന്നവരും ഉണ്ട്. സംശയം തോന്നിയാൽ വീണ്ടും വീണ്ടും ചോദിക്കുക. ഇതിലൂടെ മാത്രമേ അവർ കാണിച്ച കള്ളത്തരം കണ്ടുപിടിക്കാൻ കഴിയൂ. ആദ്യ തവണ കള്ളത്തരം കണ്ടുപിടിച്ചാലും തല്ലുകയോ വല്ലാതെ വഴക്കുപറയുകയോ അരുത്. മറിച്ച് കള്ളം പറയുന്നത് എത്ര മോശമായ ഒരു കാര്യമാണെന്ന് അവരെ പറഞ്ഞ് മനസ്സിലാക്കാൻ ശ്രമിക്കുക. പണം ചെലവഴിച്ചതല്ല, മറിച്ച് കള്ളത്തരം കാണിച്ചതാണ് തെറ്റ് എന്ന് ബോധ്യപ്പെടുത്തണം. ഇനി ഇത് ആവർത്തിക്കില്ല എന്ന് ഉറപ്പു വാങ്ങണം. വീണ്ടും കുട്ടി ആ വഴിയേ സഞ്ചരിക്കുന്നുവെന്ന് കണ്ടാൽ ചെറിയ ശിക്ഷകൾ നൽകാം. എന്നാൽ, പ്രശ്നം ഗുരുതരമാണെന്നു കണ്ടാൽ ഒരു കൗൺസലറുടെ സഹായം തേടണം.

**ആദ്യ തവണ കള്ളത്തരം കണ്ടുപിടിച്ചാലും തല്ലുകയോ വല്ലാതെ വഴക്കുപറയുകയോ അരുത്**

## ആരാണ് സമ്മാനങ്ങൾ നൽകുന്നത് ?

നിങ്ങൾ വാങ്ങിച്ചു കൊടുക്കാത്ത, വിലപിടിപ്പുള്ള എന്തെങ്കിലും കുട്ടിയുടെ പക്കൽ നിന്ന് കണ്ടെത്തുന്നു. ആരാണ് അത് നൽകിയത്? അതെനിക്ക് ഗിഫ്റ്റ് കിട്ടിയതാണ് എന്നാവും മിക്ക കുട്ടികളുടേയും മറുപടി. ചില രക്ഷിതാക്കളെങ്കിലും തുടർന്ന് അവരെ ചോദ്യം ചെയ്യാറില്ല. എന്തെങ്കിലും ചോദിച്ചാലും ആര് നൽകി, എപ്പോൾ നൽകി എ ചോദ്യങ്ങൾക്കൊക്കെ അവർ ഉത്തരം കണ്ടുപിടിച്ചു വച്ചിട്ടുണ്ടാകും. ഇത്തരം വിലപിടിപ്പുള്ള സമ്മാനങ്ങൾ എവിടെ നിന്നു ലഭിക്കുന്നു എന്ന് രക്ഷിതാക്കൾ തീർച്ചയായും അന്വേഷിച്ചിരിക്കണം. സ്കൂളിലെ അവരുടെ സുഹൃത്തുക്കളോടോ അധ്യാപകരോടോ രഹസ്യമായി





തിരക്കാം. കുട്ടി എവിടെയൊക്കെ പോകുന്നു, ആരെയൊക്കെ കാണുന്നു എന്ന് നിരീക്ഷിക്കാം. തെറ്റായ വഴിയിലൂടെയാണ് അവരുടെ സഞ്ചാരമെന്ന് മനസ്സിലായാൽ കാര്യങ്ങൾ പറഞ്ഞ് ബോധ്യപ്പെടുത്താൻ ശ്രമിക്കണം. ചീത്ത കൂട്ടുകെട്ടിൽ നിന്ന് അവരെ പൂർണ്ണമായും അകറ്റി നിർത്തണം. നിങ്ങൾക്ക് തിരികെ കൊണ്ടുവരാനാകാത്ത വിധം കുട്ടി മാറിക്കഴിഞ്ഞു എന്ന് മനസ്സിലായാൽ ഒരു കൗൺസലറുടെ സഹായം തേടുക.

ഫോൺ, ലാപ്ടോപ്പ് തുടങ്ങിയ വിലപിടിപ്പുള്ള സമ്മാനങ്ങൾ നൽകി അവരെ ആകർഷിച്ച ശേഷം അരുതാത്ത പ്രവർത്തികൾക്ക് ഉപയോഗിക്കുന്ന മാഫിയകളുടെ സാന്നിധ്യം കേരളത്തിൽ സജീവമാണ്.

കഞ്ചാവ്, മയക്കുമരുന്ന് വിൽപ്പനയുടെ ഏജന്റുമാരായും വ്യാജ സിനിമ അപ് ലോഡ് ചെയ്യുവരായും കുട്ടികൾ മാറുന്നതിന് പിന്നിലെ രഹസ്യവും മറ്റൊന്നല്ല. വീട്ടിൽ നിന്ന് പോക്കറ്റ് മണി നൽകാതിരുന്നതു കൊണ്ടു മാത്രം കുട്ടികൾ ഇത്തരം ചതിക്കുഴികളിൽ നിന്ന് രക്ഷപ്പെടണമെന്നില്ല. മറ്റു വഴിയിലൂടെ അവർ പോക്കറ്റ് മണി കണ്ടെത്തുന്നുണ്ടോ എന്ന കാര്യവും രക്ഷിതാക്കൾ അറിഞ്ഞിരിക്കണം.

**പണം വെറുതേ കിട്ടുകയും അത് ചെലവിടുകയും ചെയ്യുമ്പോൾ പണത്തിന്റെ വില അറിയില്ല**

## പഠിപ്പിക്കാം, പണത്തിന്റെ മൂല്യം

ചോദിക്കുന്ന പണം സമയാസമയത്ത് കിട്ടുമ്പോൾ കുട്ടി ഒരിക്കലും പണത്തിന്റെ മൂല്യം തിരിച്ചറിയില്ല. പോക്കറ്റ് മണിയായി ലഭിക്കുന്ന പണത്തിനു പിന്നിൽ അച്ഛന്റേയും അമ്മയുടേയും അദ്ധ്വാനമുണ്ടെന്ന് അവർ ഒരിക്കലും ചിന്തിക്കുന്നില്ല. ഇത്തരത്തിൽ വളരുന്ന കുട്ടികൾ മുതിർന്നാലും സമ്പാദ്യശീലമില്ലാത്തവരായി മാറാൻ സാധ്യത കൂടുതലാണ്. കയ്യിൽ വരുന്ന പണം ചെലവഴിക്കാനുള്ളതാണെന്ന ചിന്ത ചെറുപ്പം മുതൽ തന്നെ അവരുടെ ഉള്ളിൽ ഉറച്ചു പോയതിന്റെ പ്രശ്നമാണിത്. കുട്ടികൾക്ക് പോക്കറ്റ് മണി നൽകുമ്പോഴും സമ്മാനങ്ങൾ നൽകുമ്പോഴും അതിന്റെ മൂല്യത്തെ കുറിച്ച് അവരോട് സംസാരിക്കണം. ഈ സമ്മാനം വാങ്ങാൻ ഇത്ര ദിവസത്തെ അല്ലെങ്കിൽ മാസത്തെ ശമ്പളം ഉപയോഗിച്ചു എന്നു പറയാം. ഒരു മാസത്തിനൊടുവിൽ ശമ്പളത്തിൽ നിന്ന് പോക്കറ്റ് മണിയ്ക്കായി ഇത്ര തുക ചെലവിട്ടിട്ടുണ്ടെന്ന് അറിയിക്കാം. നിങ്ങൾ അവരോട് കണക്കു പറയുകയാണെന്ന തോന്നൽ ഉണർത്താത്ത വിധം വേണം സംസാരിക്കാൻ. പണം വെറുതേ കിട്ടുകയും അത് ചെലവിടുകയും ചെയ്യുമ്പോൾ പണത്തിന്റെ വില അറിയില്ല.

പൂന്തോട്ടം നനക്കുക, മുറി വൃത്തിയാക്കുക, തുടങ്ങിയ ചെറിയ ജോലികൾ അവരെ ഏൽപ്പിക്കാം. ജോലി പൂർത്തിയാക്കുമ്പോൾ ചെറിയൊരു തുക പ്രതിഫലമായി നൽകാം. ഇങ്ങനെ ലഭിക്കു പണം സൂക്ഷിക്കാനായി ഒരു സമ്പാദ്യപ്പെട്ടിയും വാങ്ങികൊടുക്കണം.

അവർ ഏറെ ആഗ്രഹിക്കുന്ന എന്തെങ്കിലുമൊന്ന് വാങ്ങാനായി പണം സമ്പാദിക്കാൻ ആവശ്യപ്പെടാം. ഒടുവിൽ ആ തുക ഉപയോഗിച്ച് അവർക്ക് ഇഷ്ടപ്പെട്ട ആ സമ്മാനം വാങ്ങിക്കൊടുക്കാം. പണത്തിന്റെ മൂല്യം അവർ പഠിക്കുമെന്ന് ഉറപ്പാണ്.